# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 437

10.03.2015 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണബാങ്കുകളിൽ ആധുനിക സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. സാജു പോൾ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ജൻധൻ യോജന പദ്ധതിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഒഴിവാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമായി പറയുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ജൻധൻ യോജന പദ്ധതിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഒഴിവാക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളേയും ഇപ്പോൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ സഹകരണബാങ്കുകളിൽ കോർ ബാങ്കിംഗ് സൗകര്യവും ഇലക്ട്രോണിക് ട്രാൻസാക്ഷൻ നടത്തുന്നതിനുവേണ്ടുന്ന സൗകര്യവും ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകൾ, 26 ഓളം അർബൻ ബാങ്കുകൾ എന്നിവയിൽ പൂർണ്ണമായും 13 അർബൻ ബാങ്കുകളിൽ ഭാഗികമായും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 12 അർബൻ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) ഇപ്പോൾ ഈ സൗകര്യങ്ങൾ ഇല്ലാത്തത് സഹകരണ ബാങ്കുകളിൽ ഇടപാടുകാർ കുറയുന്നതിന് കാരണമാകുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (സി) ഇപ്പോൾ ഈ സൗകര്യങ്ങൾ ഇല്ലാത്തത് സഹകരണ ബാങ്കുകളിൽ ഇടപാടുകാർ കുറയുന്നതിന് കാരണമായിട്ടില്ല. |

(ഡി) ഉണ്ടെങ്കിൽ ആധുനിക സൗകര്യങ്ങൾ സഹകരണ പ്രസ്ഥാനങ്ങളിൽ പ്രായോഗികമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

(ഡി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് ഭാഗമായി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗിന്റെ ഭാഗമായി ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ